കഥ, പരിസ്ഥിതി, സംസ്കാരം

പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തെ കേരളീയ പശ്ചാത്തലത്തിൽ കണ്ടെത്തി അർത്ഥപൂർണമായ ഒരു പ്രയോഗമാതൃക നിർമ്മിച്ചിരിക്കുകയാണ് ഗ്രന്ഥകർത്താവ്

■ ഡോക്ടർ സ്കറിയാ സക്കറിയ

നാനൂറോളം മലയാള ചെറുകഥകൾ മുൻനിറുത്തി പാരിസ്ഥിതിക നിരൂപണത്തിന്റെ സാധ്യതകൾ വിവരിക്കുന്ന പഠനഗ്രന്ഥമാണ് കഥയും പരിസ്ഥിതിയും. പാരിസ്ഥിതിക നിരൂപണത്തിന്റെ സിദ്ധാന്തങ്ങളും വൈവിധ്യങ്ങളും മലയാള പശ്ചാത്തലത്തിൽ പരിചയപ്പെടുത്തുന്നു എന്നതാണ് മുപ്പത് അധ്യായങ്ങളിലായി നാനൂറ്റി ഇരുപത്തിരണ്ടു പുറങ്ങളിൽ വ്യാപിച്ചുകിടക്കുന്ന പുസ്തകത്തിന്റെ പ്രത്യേകത. വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ തുടങ്ങിയ കഥകളിൽ നിന്ന് ആരംഭിച്ച് പുതിയ തലമുറക്കാരുടെ കഥകളിലെത്തി മലയാള ചെറുകഥയിലെ പുത്തൻ പുതുമകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നു. ഈ കഥാപര്യടനത്തിനിടയിൽ പല രചനകളെയും ഉദാരമായി പ്രശംസിക്കുന്നു. മേതിൽ രാധാകൃഷ്ണൻ, കാക്കനാടൻ, മുകുന്ദൻ തുടങ്ങിയ പ്രമുഖരെ നിശിതമായി വിമർശിക്കുന്നുമുണ്ട്. മലയാളത്തിലെ പ്രമുഖ നിരൂപകനായ കെ പി അപ്പനെ വിമർശിക്കുന്നിടത്ത് വിമർശന വിമർശനം തികച്ചും ഖണ്ഡനപരമായിത്തീരുന്നു. എങ്കിലും ഗ്രന്ഥത്തിന്റെ സ്ഥായിഭാവം മലയാള കഥയെക്കുറിച്ചുള്ള ഊർജിത പ്രത്യാശയാണ്. സമാപന അധ്യായത്തിൽ കാണുന്ന നിഗമനം:

"മുദ്രാവാക്യത്തിന്റെ ഘോഷങ്ങളില്ലാതെ, വിപ്ലവത്തിന്റെ കാഹളമില്ലാതെ അവ (കഥകൾ) പ്രതിരോധത്തിന്റെ പുതിയ ശീലുകളായി മാറുന്നു. ഗൃഹാതുരത മുതൽ ഫെമിനിസത്തിന്റെ ആക്രമണോത്സുകത വരെ കഥയിൽ ശക്തമായ പ്രതിരോധതന്ത്രങ്ങളുടെ പുതിയ ആവിഷ്കാരങ്ങൾ വളർന്നുവരുന്നു. കാല്പനികതയുടെയും റിയലിസത്തിന്റെയും ആധുനികതയുടെയും രചനാ തന്ത്രങ്ങളെ പിന്തള്ളി കഥ പുതിയ സങ്കേതങ്ങൾ തേടുന്നു. അംഗീകൃത സിദ്ധാന്തങ്ങളെയും തത്വചിന്തകളെയും ചോദ്യം ചെയ്യുമ്പോൾ പുതിയൊരു ദർശനത്തിന്റെ പിറവിയുടെ സൂചനകളാണ്." ഈ ദർശനം ബഹുവിഷയാധിഷ്ഠിതമായ പാരിസ്ഥിതിക ദർശനമാണെന്നും അതു മലയാള കഥകളിൽ പ്രകടമാണെന്നും ശാസ്ത്രീയമായി വാദിച്ചു സമർത്ഥിക്കുന്നതാണ് ജി മധുസൂദനന്റെ പുസ്തകം.



കഥയും പരിസ്ഥിതിയും
(നിരൂപണം)
ജി മധുസൂദനൻ
കറന്റ് ബുക്സ്
തൃശൂർ
വില: 150 രൂപ

പരിസ്ഥിതി, വിവരസാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മലയാളത്തിൽ എഴുതുന്നവർ പൊതുവേ 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കു പുറത്ത്' എന്ന സ്വഭാവക്കാരാണ്. ഏതെങ്കിലും ഇംഗ്ലീഷ് പുസ്തകം വായിച്ച് അത് പടിഞ്ഞാറൻ ഉദാഹരണങ്ങളോടുകൂടി മലയാളത്തിൽ ചുരുക്കിയെഴുതി മലയാളിയുടെ നെഞ്ചത്തുകയറി പാണ്ഡിത്യപ്രകടനം നടത്തുന്നവർ. മറ്റു ചിലർ എല്ലാ അറിവുകളും സംസ്കൃതത്തിന്റെയും മലയാളത്തിന്റെ ഗ്രന്ഥപ്പുരകളിൽ ഉണ്ടെന്ന മാനസിക വിഭ്രാന്തിയിലാണ്. അവർ പരിസ്ഥിതിശാസ്ത്രത്തെയും ഇൻഫർമേഷൻ ടെക്നോളജിയെയും സ്വന്തം ഗൃഹാതുരത്വത്തിലേക്കും സ്വപ്നാത്മകമായി വെട്ടിയൊരുക്കുന്നു. ഈ രണ്ടു ദൗർബല്യങ്ങളും ബോധപൂർവം ഒഴിവാക്കുന്നതാണ് മധുസൂദനന്റെ സമീപനം. പരിസ്ഥിതിവാദത്തിന്റെ ശാസ്ത്രീയ അടിത്തറയും ദാർശനിക പരിപ്രേക്ഷ്യവും ജീവിതമൂല്യവും തിരിച്ചറിഞ്ഞ് ഇക്കാര്യങ്ങളിൽ തന്നെയുള്ള വൈവിധ്യങ്ങൾ പരിചയപ്പെടുത്തി എഴുതാൻ കഴിഞ്ഞതു വലിയ കാര്യമാണ്. നമ്മുടെ സാംസ്കാരിക വിമർശനം, വിശിഷ്യ ഇലക്ട്രോണിക് മാധ്യമങ്ങൾ, ജനപ്രിയ കലാരൂപങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പഠനം സാഹിത്യവിമർശനത്തിലെ പൈങ്കിളി ധാരകളുടെ ദുസ്വാധീനത്തിൽ ജീർണിച്ചുവരുന്ന ഘട്ടത്തിൽ മധുസൂദനന്റെ നിരൂപണശൈലി പുതിയൊരു മാതൃകയാണ്. മലയാളത്തിലെ പാരിസ്ഥിതിക വിമർശനത്തിന്റെ ദൗർബല്യങ്ങൾ അതിന്റെ വികാരപരതയും കാല്പനിക ഭാവനയും പദാവലിയിലെ കൃത്രിമ നിറക്കൂട്ടുമാണെന്നു തിരിച്ചറിഞ്ഞുകൊണ്ടാണ് ഇവിടത്തെ പ്രതിപാദനം. പാരിസ്ഥിതിക വിമർശനത്തിന്റെ രാഷ്ട്രീയ ധ്വനികൾ ഗ്രന്ഥകർത്താവ് കൃത്യമായി തിരിച്ചറിയുന്നു. പാരിസ്ഥിതിക വിമർശനത്തിന് ഒറ്റവാക്യത്തിൽ നൽകുന്ന വിമർശനത്തിന് ഒറ്റവാക്യത്തിൽ നൽകുന്ന നിർവചനത്തിൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്:

'ഒരു വാചകത്തിൽ ചുരുക്കിപ്പറഞ്ഞാൽ മനുഷ്യസ്വത്വവും സമൂഹവും പ്രകൃതിയും സാഹിത്യകൃതിയും തമ്മിലുള്ള ബന്ധത്തെ

പുതിയ പുസ്തക

ഒരു വിശുദ്ധമദ്യപന്റെ ഇതിഹാസം
യോസഫ് റോട്ടിന്റെ *ദ ലെജൻഡ് ഓഫ് ദ ഹോളി ഡ്രിങ്കർ* എന്ന വിഖ്യാതമായ കൃതിയുടെ മലയാള പരിഭാഷ. തെളിമയുള്ള ഭാഷ. വിവർത്തനം: എ വി ഗോപാലകൃഷ്ണൻ. പ്രസാധകർ: ഡി സി ബുക്സ്, കോട്ടയം. വില: 30 രൂപ.

മട്ടന്നൂർ: കലയും ജീവിതവും
തായമ്പക വിദഗ്ധൻ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ കലയും ജീവിതവും വ്യത്യസ്ത വീക്ഷണമുള്ളവരുടെ ദൃഷ്ടിയിലൂടെ അനാവൃതമാകുന്നു. കലാകാരനെ അടുത്തറിയാൻ സഹായകമാണ് ഈ ഗ്രന്ഥം. എഡിറ്റർ: എൻ പി വിജയകൃഷ്ണൻ. പ്രസാധകർ: പാപ്പിയോൺ, കോഴിക്കോട്. വില: 70 രൂപ.

ഗുലിയാനയുടെ കത്ത്
പഞ്ചാബി സാഹിത്യത്തിലെ നിത്യഹരിതയായ എഴുത്തുകാരി അമൃതാപ്രീതത്തിന്റെ രണ്ടു നോവലുകളുടെ തർജ്ജമ. കാൽപനിക ഭാവനയുടെ കരുത്ത് ഉദാഹരിക്കുന്ന സൃഷ്ടികൾ. സ്ത്രീകളുടെ വിചാര വികാരങ്ങളെ സത്യസന്ധമായി ആവിഷ്കരിക്കുന്നവയാണ് ഇവരുടെ രചനകൾ. വിവർത്തനം:







പ്രഫസർ വേണു മരുതായി. പ്രസാധകർ: ഡി സി ബുക്സ്. വില: 35 രൂപ.

തീർത്ഥാടകന്റെ കനവുകൾ
മുറാദ് ഹോഫ്മാന്റെ ആത്മകഥാപരമായ

പാരിസ്ഥിതിക ബോധത്തോടെയും മൂല്യാധിഷ്ഠിതമായും വർഗ്ഗ-വർണ്ണ-ലിംഗബോധ്യത്തോടെയും സൗന്ദര്യപരമായി വിലയിരുത്തുന്ന സമീപനമാണ് പാരിസ്ഥിതിക വിമർശനം'(പുറം 22).

പാരിസ്ഥിതിക വിമർശനത്തിന്റെ ബഹുവിഷയ ബന്ധങ്ങളും പ്രായോഗിക പരിസ്ഥിതി സംരക്ഷണത്തോടുള്ള കൂറും കേരളീയ മാതൃകകൾ മുൻ നിറുത്തി ചർച്ച ചെയ്യുന്നുണ്ട്. എസ് കെ പൊറ്റെക്കാട്ടിന്റെ വിഷകന്യക പോലുള്ള പ്രശസ്ത കൃതികൾ ഇന്നു വായിക്കുമ്പോൾ പ്രകടമായിക്കാണുന്ന പ്രകൃതി വിരുദ്ധത സാഹിത്യചരിത്ര പശ്ചാത്തലത്തിലും കേരളമാതൃകയിൽ നുഴഞ്ഞുകയറുന്ന ഉപഭോഗാസക്തിയുടെ നിറക്കൊഴുപ്പിലും കാട്ടിത്തരാൻ ശ്രമിക്കുന്നുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഗത്യാത്മകമായ പാരസ്പര്യത്തിലാണ് പരിസ്ഥിതിവാദത്തിന്റെ അടിത്തറ. നിശ്ചല മാതൃകകൾ കൊണ്ട് ഈ പാരസ്പര്യം വിശദീകരിക്കാനാവില്ല. ഇവിടെയാണ് പരിസ്ഥിതിവാദം സാഹിത്യത്തിൽ ഏറെ പ്രസക്തമാകുന്നത്. മനുഷ്യന്റെ ചിന്തയിലും വികാരങ്ങളിലും ചുറ്റുപാടുകളിലുമുണ്ടാകുന്ന മാറ്റങ്ങൾ കഥകളിൽ എങ്ങനെ പ്രതിഫലിക്കുന്നു അഥവാ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്ന അന്വേഷണത്തിലൂടെയാണ് പരിസ്ഥിതി വിമർശനം മുന്നേറുന്നത്. ഇവിടെ സിദ്ധാന്തവും ചരിത്രവും മാതൃകകളും കലർത്തിയെഴുതുകയാണ്. അതുകൊണ്ടു തന്നെ ഈ ഗ്രന്ഥത്തിന്റെ സംവിധാനം വലിയൊരു വെല്ലുവിളിയാണ്.

ആദ്യത്തെ പതിനാല് അധ്യായങ്ങൾ കഥയിലെ പ്രകൃതിയെക്കുറിച്ചുള്ള പഠനങ്ങളാണ്. തുടർന്നുള്ള ഏഴ് അധ്യായങ്ങളിൽ ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധി കഥകളിൽ എങ്ങനെ നിഴലിക്കുന്നു എന്നു വിശദീകരിക്കുന്നു. ഇത്രയും അധ്യായങ്ങളിൽ ഒരു നല്ല മലയാള വായനക്കാരന്റെ കണ്ണോട്ടമാണ് പ്രകടമാകുന്നത്. തുടർന്നു വരുന്ന ഒമ്പത് അധ്യായങ്ങൾ സിദ്ധാന്ത വെളിച്ചത്തിൽ മൗലിക നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. ഇവിടെയാണ് വിമർശന സ്വരം. ഒരേ കഥാകൃത്തിന്റെ തന്നെ വ്യത്യസ്ത കഥകൾ എങ്ങനെ പാരിസ്ഥിതിക ബോധത്തിൽ വ്യത്യസ്തങ്ങളാകുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. സാറാ ജോസഫിന്റെ കഥകളെക്കുറിച്ച് നടത്തുന്ന വ്യത്യസ്ത നിരീക്ഷണങ്ങൾ ഒന്നിച്ചെടുത്തു വായിച്ചാൽ ഇതു ബോധ്യമാകും. പാരിസ്ഥിതിക ബോധവും പെൺമയും തമ്മിലുള്ള ബന്ധം എങ്ങനെ പ്രതിരോധശക്തിയായി മാറാം എന്നു സാറാ ജോസഫിന്റെ കഥകൾ മുൻനിറുത്തി ചർച്ച ചെയ്യുന്നുണ്ട്. ഇക്കോ ഫെമിനിസത്തെക്കുറിച്ചുള്ള ചർച്ചയിലാണ് ഗ്രന്ഥകർത്താവിന്റെ പ്രായോഗിക വിമർശനപാടവം ഏറ്റവും പ്രകടമാകുന്നത്.

ഈ ഗ്രന്ഥത്തിലെ അവസാനത്തെ രണ്ട് അധ്യായങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു. ഒന്ന് ഭാഷയുടെ ഹരിതഭാവങ്ങളെക്കുറിച്ചാണ്. ഭാഷയെ കേവല ലീലയായി കാണുന്ന സമീപനത്തെ വിമർശിച്ചുകൊണ്ട് സാഹിത്യഭാഷയുടെ പാരിസ്ഥിതിക വിമർശനം അവതരിപ്പിക്കുന്നു. ഭാഷയുടെ ഹരിതീകരണം ഒരു പ്രമേയമായി അവതരിപ്പിക്കുന്ന ഇങ്ങനെയൊരു ചർച്ച ഇതിനു മുമ്പു മലയാളത്തിൽ വായിച്ചിട്ടില്ല. ടി പത്മനാഭൻ, എസ് വി വേണുഗോപൻ നായർ എന്നിവരുടെ കഥകൾ സൂക്ഷ്മനിരീക്ഷണ വിധേയമാക്കി ഇവരുടെ കഥകളിലെ പാരിസ്ഥിതിക ബോധത്തെ തെളിച്ചു കാട്ടുന്ന നിരൂപകൻ ഇവരുടെ കാല്പനിക ഭാഷയ്ക്കു പരിമിതികളുണ്ടെന്നും ഓർമ്മിപ്പിക്കുന്നു. തീർന്നില്ല. അവരുടെ പിന്മുറക്കാരിൽ പലർക്കും ഈ പരിമിതി മറികടക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നുണ്ട്. വിജയന്റെ കഥകളിൽ പിൽക്കാലത്തുണ്ടായ ഹരിതബോധത്തെ പ്രശംസിക്കുന്ന നിരൂപകൻ വിജയന്റെ ഭാഷയുടെ കോസ്മിക് സ്വഭാവം വിശദീകരിക്കുന്നു. ഇങ്ങനെ സാഹിത്യഭാഷാ പ്രവർത്തനത്തിന്റെ അഗാധതലങ്ങളെക്കുറിച്ച് വകതിരിവോടെ എഴുതുന്ന സന്ദർഭങ്ങൾ ഈ ഗ്രന്ഥത്തിന്റെ മൗലിക സവിശേഷതയാണ്. അവസാനത്തെ അധ്യായത്തിന്റെ ശീർഷകം പ്രതിരോധത്തിന്റെ ആധുനികേതരത എന്നാണ്. ആധുനികത്തോരതയുടെ താത്വിക പരിസരം ബഹുസ്വരതയുടേതാണ് എന്ന തിരിച്ചറിവോടെ മലയാളത്തിൽ അടുത്തകാലത്തു നടന്ന വിവാദങ്ങൾ ഇവിടെ വിലയിരുത്തുന്നു.

മലയാളത്തിലെ പാരിസ്ഥിതിക വിമർശനത്തിന്റെ ദൗർബല്യങ്ങൾ അതിന്റെ വികാരപരതയും കാൽപനിക ഭാവനയും പദാവലിയിലെ കൃത്രിമ നിറക്കൂട്ടുമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ കൃതിയുടെ പ്രതിപാദനം



ആയ്യപ്പപ്പണിക്കർ നിർദ്ദേശിച്ച പ്രതിലോകപരതയുടെ ഉത്തരാധുനികത, പ്രതിരോധത്തിന്റെ ഉത്തരാധുനികത എന്ന വിഭജനത്തിൽ ഉറപ്പിച്ചതാണ് ഗ്രന്ഥകാരന്റെ തീക്ഷ്ണ നിരീക്ഷണങ്ങൾ. ഈ ഗ്രന്ഥത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലുമെന്നപോലെ ഇവിടെയും മൂല്യാധിഷ്ഠിതമാണ് മധുസൂദനന്റെ നിലപാട്. കൃത്യമായ നിലപാടുകൾ എഴുത്തുകാരനും വിമർശകനും സാധ്യമാകണം എന്ന ഉറച്ച നിലപാടാണിത്. പ്രകൃതിയെയും സമൂഹത്തെയും ജീവിതത്തിലേക്കു പുനരാനയിക്കുക എന്ന ആനന്ദിന്റെ നിലപാടിനോട് ചേർത്തു വായിക്കാവുന്നതാണ് പൊതു സമീപനം. "സാമൂഹികമായ മുന്നേറ്റങ്ങൾക്കു സഹായകമായ ആധുനികതയുടെ സങ്കല്പങ്ങളെ സംരക്ഷിച്ചുകൊണ്ട് പുരോഗതി, ഉൽപാദനം എന്നിങ്ങനെയുള്ള അതിന്റെ സാമ്പത്തിക സങ്കല്പങ്ങളെ പുനർവചിക്കുകയാണ് വേണ്ടത്. പാരിസ്ഥിതിക ശാസ്ത്രത്തിൽ നിന്നുള്ള തെളിവുകൾ ഈ തിരുത്തിയെഴുത്തിനു സഹായകമാകും." ഈ ബോധ്യമായിരിക്കണം സാഹിത്യപ്രവർത്തനവുമായി നേരിട്ടു ബന്ധമില്ലാത്ത ജോലികൾക്കിടയിൽ ഇങ്ങനെയൊരു ബൃഹദ്ഗ്രന്ഥം രചിക്കാൻ മധുസൂദനനെ പ്രേരിപ്പിച്ചത്. അറിവുകളെക്കുറിച്ചു പറയുമ്പോൾ ആവർത്തിച്ചുകാണുന്ന 'സമഗ്രത', 'സത്യം' തുടങ്ങിയ പ്രയോഗങ്ങൾ ബഹുസ്വരതയിൽ വിശ്വാസമർപ്പിക്കുന്ന പൊതു സമീപനവുമായി പൊരുത്തപ്പെടുന്നില്ല എന്നതു ശ്രദ്ധേയമാണ്. ചില സന്ദർഭങ്ങളിൽ കഥകൾക്കു മാർക്കിട്ടു റാങ്കു നിശ്ചയിക്കാൻ കാണിക്കുന്ന കൃത്യതയിൽ ഉറപ്പിച്ച അമിതോത്സാഹം ബാലിശമായി അനുഭവപ്പെടും. ഇത്തരം ചെറിയ കല്ലുകടികൾ ഈ വലിയ ഗ്രന്ഥത്തിന്റെ പൊതുമേന്മയ്ക്കു പക്ഷേ സാരമായ കോട്ടം വരുത്തുന്നില്ല. ■

ങ്ങ ശ





ഗ്രന്ഥം. ഫോഹ്മാന്റെ ഹജ്ജ് യാത്രാസ്മൃതികളും ഇസ്ലാമിക ജീവിതാനുഭവങ്ങളും ഈ പുസ്തകത്തിൽ ദർശിക്കാനാകും. ഇസ്ലാമിന്റെ പ്രയോഗരീതികളെ വിശദമായി വിശകലനം ചെയ്യുന്നു ഈ ഗ്രന്ഥം. വിവർത്തനം: വി എം ഇബ്രാഹിം. പ്രസാധകർ: ഇസ്ലാമിക് പബ്ലിഷിങ് ഹൗസ്. വില: 35 രൂപ.

ഭാരത സംസ്കാരവും മതസൗഹൃദവും

ഭാരതസംസ്കാരത്തിന്റെ വിവിധ തലങ്ങൾ വിശദമായി പ്രതിപാദിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യുന്ന മൗലികമായ വീക്ഷണങ്ങളുടെ സമാഹാരം. മൊത്തം പതിനെട്ട് ലേഖനങ്ങൾ. സ്ത്രീകളെക്കുറിച്ച് ക്രിസ്തുവിന്റെ മനോഭാവം, സംവാദത്തിലൂടെ സമന്വയത്തിലേക്ക്, മതപരിവർത്തനവും മനഃപരിവർത്തനവും തുടങ്ങിയ ലേഖനങ്ങൾ ശ്രദ്ധേയം. ഡോക്ടർ എം ലീലാവതിയുടെ അവതാരിക. രചയിതാവ്: ഡോക്ടർ പോൾ മണവാളൻ. പ്രസാധകർ: എസ് എച്ച് ലീഗ്, മംഗലപ്പുഴ. വില: 70 രൂപ.